# കേരള സർവകലാശാല

നം. പി.ആർ.135/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഹാൾടിക്കറ്റ് കൈപ്പറ്റണം

വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂൺ 20-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. കംമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പരീക്ഷാകേന്ദ്രമായ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റാവുന്നതാണ്. ഓൺലൈൻ ആയി അപേക്ഷിച്ചവർക്ക് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## എം ടെക് പരീക്ഷ (സപ്ലിമെന്ററി/അഡിഷണൽ ചാൻസ്/മേഴ്‌സി ചാൻസ്)

ഒന്നാം സെമസ്റ്റർ എം ടെക് (എഫ് ടി/പി.ടി-2013 സ്കീം) മൂന്നാം സെമസ്റ്റർ (പി.ടി-2013 സ്കീം) സപ്ലിമെന്ററി, ഒന്നാം സെമസ്റ്റർ എംടെക് (2008 സ്കീം-2012 അഡ്മിഷൻ - അഡീഷണൽ ചാൻസ്), ഒന്നാം സെമസ്റ്റർ എംടെക് 2008 സ്കീം (മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 23 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 27 വരെയും 125 രൂപ പിഴയോടുകൂടി ജൂൺ 30 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## എം.എ സംസ്കൃതം ജനറൽ ലാഗ്വേജ് & ലിറ്ററേച്ചർ 2016-2018 ബാച്ച് (സി.എസ്.എസ്) പരീക്ഷഫലം

2018 ഏപ്രിലിൽ നടത്തിയ എം.എ സംസ്കൃതം ജനറൽ ലാഗ്വേജ് & ലിറ്ററേച്ചർ 2016-2018 (സി.എസ്.എസ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂര്യ സുരേന്ദ്രൻ (രജി. നം. 84416631002) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എ മ്യൂസിക്ക് 2016-2018 ബാച്ച് (സി.എസ്.എസ്) പരീക്ഷഫലം

2018 ഏപ്രിലിൽ നടത്തിയ എം.എ മ്യൂസിക്ക് 2016-2018 ബാച്ച് (സി.എസ്.എസ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. കൃഷ്ണ ബിജു (രജി. നം.83816627002) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018

### ഒന്നാം ഘട്ട അലോട്ട്മെന്റ് ഫീസ് ജൂൺ 18 വരെ അടയ്ക്കാം

കേരള സർവകലാശാല 2018-19 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ചവർ സർവകലാശാല ഫീസ് അടയ്ക്കേണ്ട അവസാന തീയതി ജൂൺ 18-ന് വൈകുന്നേരം 5 മണിയാണ്. അലോട്ട്മെന്റ് ലഭിച്ചവർ സർവകലാശാല ഫീസ് ഓൺലൈനായോ, ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ അടയ്ക്കണം. സർവകലാശാല ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. സർവകലാശാല ഫീസ് അടച്ചവർ നിശ്ചിത സമയത്തിനകം ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയതിന്റെ വിവരം (ജേർണൽ നമ്പർ) നിർബന്ധമായും വെബ്സൈറ്റിൽ നൽകി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതിയാകും.

## പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് അപേക്ഷകൾ ക്ഷണിച്ചു

**പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുള്ള (റെഗുലർ/ബ്രിഡ്ജ്) അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു . അപേക്ഷാഫോറം വെബ്സൈറ്റിൽ ലഭ്യമാണ് നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. യോഗ്യരായ വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷാഫോറവും അനുബന്ധരേഖകളും രജിസ്ട്രാർ, കേരളസർവ്വകലാശാല, എസ്സ്. എച്ച്. കാമ്പസ്, പാളയം, തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ ജൂലൈ 16ന് 5 മണിക്കുമുമ്പായി സമർപ്പിക്കേണ്ടതാണ്.**

## ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ്

**ജർമ്മൻ പഠനവകുപ്പ് നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാലബിരുദമാണ് യോഗ്യത. അപേക്ഷാഫീസ് 25 രൂപയും രജിസ്ട്രേഷൻ ഫീസ് 100 രൂപയും ആണ്. പൂരിപ്പിച്ച അപേക്ഷകൾ പിഴകൂടാതെ ജൂൺ 22 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 30 വരെയും 125 രൂപ പിഴയോടുകൂടി ജൂലൈ 6 വരെയും പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള ജർമ്മൻ പഠനവകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.**

## ബി.കോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു

**2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 6.**

തിരുവനന്തപുരം.
16.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**